ഭരണഭാഷ-മാതൃഭാഷ

**കണ്ണൂർ ജില്ലാ പഞ്ചായത്ത്**
**പിൻ കോഡ്- 670002**
**GSTIN:32AAAGT0206J1ZP ഫോൺ നമ്പർ : 0497-2700205**
**dpknnr@gmail.com**

**നമ്പർ: 4950568-2026** **തീയതി : 15-07-2026**

ടെണ്ടർ നോട്ടീസ്

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതി, പദ്ധതിയേതര വികസന ക്ഷേമ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഫോട്ടോ , വീഡിയോ, പോസ്റ്ററുകൾ, സോഷ്യൽ മീഡിയ പ്രചരണം ഉൾപ്പെടെയുള്ള ഡോക്യുമെന്റേഷൻ തയ്യാറാക്കുന്നതിന് (ഡ്രോൺ ഉൾപ്പെടെ) ഈ മേഖലയിൽ പ്രാവീണ്യവും പരിചയവുമുള്ള വ്യക്തികളിൽ /സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുന്നു.

| പ്രൊജക്റ്റ് നം | പദ്ധതിയുടെ പേര് | അടങ്കൽ | ടെണ്ടർഫോറം വില | നിരതദ്രവ്യം |
|---|---|---|---|---|
| 9/27 | കണ്ണൂർ ജില്ലാപഞ്ചായത്ത് ഡോക്യുമെന്റേഷൻ പദ്ധതി | 500000 | 200 രൂപ +18 % gst | 5000 രൂപ |

ടെണ്ടർ ഫോറം വിതരണം ആരംഭിക്കുന്ന തീയ്യതി –18/07/2026 .10AM

ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയ്യതി – 07/08/2026 3 PM

ടെണ്ടർ തുറക്കുന്ന തീയ്യതി – 10/08/2026 11 AM

ടെണ്ടർ ഫോറം കണ്ണൂർ ജില്ലാ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ് . ടെണ്ടറുകൾ 200/- രൂപയുടെ മുദ്രപത്രത്തിലുള്ള പ്രാഥമിക കരാർ ഉടമ്പടിയും ആവശ്യമായ രേഖകളും സഹിതം മുദ്ര വെച്ച കവറിൽ 07/08/2026 തീയ്യതി വൈകുന്നേരം 3 മണിക്ക് മുമ്പായി സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത് , സിവിൽ സ്റ്റേഷൻ പി.ഒ, കണ്ണൂർ 670002 എന്ന വിലാസത്തിൽ നേരിട്ടോ രജിസ്റ്റേഡ് തപാലിലോ സമർപ്പി ക്കേണ്ടതാണ്. ഏതെങ്കിലും വിധേന പ്രസ്തുത തീയ്യതികൾ അവധിയാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയം നടപടികൾ സ്വീകരിക്കുന്നതാണ്. ടെണ്ടർ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. വിശദ വിവരങ്ങൾക്കായി കണ്ണൂർ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെടേണ്ടതാണ്.

നിബന്ധനകൾ

1. എല്ലാവിധ നികുതികളും ഉൾപ്പെടെയുള്ള തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.
2. ടെണ്ടറിനൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിലുള്ള പ്രാഥമിക ഉടമ്പടിയും നിശ്ചിത നിരതദ്രവ്യം ഒടുക്കിയതിനുള്ള രശീതിയും അടക്കം ചെയ്യേണ്ടതാണ്.
3. നിർദ്ദിഷ്ട രീതിയിൽ തയ്യാറാക്കിയ ടെണ്ടറുകൾ നിശ്ചിത സമയത്തിന് മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കണം.
4. കാര്യകാരണ സഹിതം ടെണ്ടർ സ്വീകരിക്കുന്നതിനും, അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പരമാധികാരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപതമാണ്.

വ്യവസ്ഥകൾ

1. ജില്ലാ പഞ്ചായത്തിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏത് സമയവും ചിത്രീകരണത്തിന് തയ്യാറാകേണ്ടതാണ്.
2. ഡോക്യുമെന്റേഷൻ, സോഷ്യൽ മീഡിയ പ്രചരണ പദ്ധതികൾ പ്രാവിണ്യമുള്ളവരായിരിക്കണം ടെണ്ടറിൽ പങ്കെടുക്കേണ്ടത്.
3. മുൻ പരിചയം സംബന്ധിച്ച രേഖകൾ ടെണ്ടർ രേഖകളിൽ ഉൾപ്പെടുത്തേണ്ടതാണ്.
4. ജില്ലാ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വീഡിയോകൾ, ഫോട്ടോകൾ, പോസ്റ്ററുകൾ, ബുക്ക് ലെറ്റുകൾ മുതലായവ നിർദ്ദേശാനുസരണം തയ്യാറാക്കി നൽകേണ്ടതാണ്.
5. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകൾ , വെബ്സൈറ്റ് മുതലായവ മികവുറ്റതാക്കി മാറ്റേണ്ടതാണ്.

സെക്രട്ടറി
കണ്ണൂർ ജില്ലാപഞ്ചായത്ത്

പകർപ്പ് – 1) ഓഫീസ് നോട്ടീസ് ബോർഡ്

2) തദ്ദേശസ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ഓഫീസ്, കണ്ണൂർ.

3) പി ആർ ഡി ഓഫീസ് , കണ്ണൂർ.

4) കരുതൽ ഫയൽ

Signature Not Verified
Digitally signed by Prasad P T
Date: 2026.07.15 11:03:55 IST
Reason: KSMART